II. അനുമോദനം

ജ്ഞാനപീഠം പുരസ്ക്കാരം ലഭിച്ച ശ്രീ. എം. ടി. വാസുദേവൻ നായർക്ക് അനുമോദനം

മി. സ്പീക്കർ: ഭാരതീയ സാഹിത്യത്തിലെ പരമോന്നത പുരസ്ക്കാരമായ ജ്ഞാനപീഠം മലയാളക്കരയിലേക്ക് വരുന്നത് ഇത് നാലാം തവണയാണ്. 1995-ലെ ജ്ഞാനപീഠം പുരസ്ക്കാരം ശ്രീ. എം. ടി. വാസുദേവൻ നായർ ഏറ്റുവാങ്ങുമ്പോൾ നമ്മുടെ മാതൃഭാഷ ഒരിക്കൽക്കൂടി ബഹുമാനിതയാവുകയാണ്.

കൂടല്ലൂർ എന്ന ഒരു കൊച്ചു ഗ്രാമത്തിലെ സാധാരണ മനുഷ്യന്റെ അശാന്തിയും, അജ്ഞാതവിഷാദങ്ങളും ചെറുകഥകളിലൂടെയും നോവലുകളിലൂടെയും ചിത്രീകരിച്ചുകൊണ്ട് ശ്രീ. എം. ടി. മലയാളിയുടെ മനസ്സിലേയ്ക്ക് കടന്നുവന്നു. 'നാലുകെട്ടും' 'അസുരവിത്തും' 'കാലവും' ആസ്വാദക മനസ്സുകളിൽ അദ്ദേഹത്തിന് സ്ഥിര പ്രതിഷ്ഠ നേടിക്കൊടുത്തു. 'രണ്ടാമൂഴ'ത്തിലൂടെ വ്യാസമൗനത്തിന് മഹാഭാഷ്യം ചമച്ച എം. ടി. ഭാരതീയ സാഹിത്യവേദിയിലെ കനക സിംഹാസനത്തിന്, അർഹത നേടിയതിൽ അത്ഭുതത്തിന് അവകാശമില്ല തന്നെ. ചെറുകഥകളും നോവലുകളും മാത്രമല്ല ചലച്ചിത്രത്തിന്റെ ഭാഷയും തനിക്ക് കരതലാമലകം ആണെന്ന് 'നിർമ്മാല്യ'ത്തിലൂടെ അദ്ദേഹം തെളിയിച്ചു. നെടുനാളായി മാതൃഭൂമിയുടെ പത്രാധിപത്യം വഹിക്കുന്ന ശ്രീ. വാസുദേവൻ നായർ പത്രപ്രവർത്തനരംഗത്തും തന്റെ സജീവസാന്നിദ്ധ്യം നിലനിർത്തിപ്പോരുന്നുണ്ട്. മനുഷ്യകഥാനുഗായിയായ ശ്രീ. എം. ടി. വാസുദേവൻ നായരുടെ ധന്യമായ തൂലികയ്ക്ക് ഈ സഭ സർവമംഗളങ്ങളും ആശംസിക്കുകയും അദ്ദേഹത്തിന്റെ മഹത്തായ നേട്ടത്തിൽ ഹാർദ്ദമായി അഭിനന്ദിക്കുകയും ചെയ്യുന്നു.

III. അടിയന്തിരപ്രമേയം

നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം

മി. സ്പീക്കർ: കമ്പോളത്തിൽ അവശ്യസാധനങ്ങൾ ഉൾപ്പെടെ നിത്യോപയോഗ സാധനങ്ങൾക്കുള്ള വില അതിരൂക്ഷമായിവിധം വർദ്ധിച്ചിരിക്കുന്നതു നിമിത്തം ജനജീവിതം അത്യന്തം ദുസഹമാവുകയും പൊതുവിതരണ രംഗം പാടേ പരാജയപ്പെടുകയും ചെയ്തിരിക്കുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി രൂൾ 50 പ്രകാരം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ടി. കെ. രാമകൃഷ്ണൻ, വി. വി. രാഘവൻ, എ. സി. ഷൺമുഖദാസ്, ബേബിജോൺ, കെ. ചന്ദ്രശേഖരൻ എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, വിലക്കയറ്റം പുതിയ ഒരു പ്രതിഭാസമല്ല; എല്ലാ കാലങ്ങളിലും വിലക്കയറ്റം ഉണ്ടായിട്ടുണ്ട്; ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ചിരുന്ന കാലത്തും വിലക്കയറ്റം ഉണ്ടായിട്ടുണ്ട്. ഐക്യ

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യമുന്നണി ഭരിച്ചിരുന്ന കാലത്തും വിലക്കയറ്റം ഉണ്ടായിട്ടുണ്ട്. അതനുസരിച്ച് ആളുകളുടെ ക്രയശക്തി വർദ്ധിച്ചിട്ടുമുണ്ട്; വിലക്കയറ്റം ഉണ്ടാകുമ്പോൾ തന്നെ പൊതുജനങ്ങളുടെ ക്രയശക്തിയും വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് സാധാരണയായി പ്രതിപക്ഷത്ത് ഇരിക്കുമ്പോഴും ഭരണപക്ഷത്ത് ഇരിക്കുമ്പോഴും വിലക്കയറ്റത്തിനെ യാഥാർത്ഥ്യ ബോധത്തോടുകൂടി കാണേണ്ടതായിട്ടുണ്ട്. അപ്പുറത്തിരിക്കുമ്പോൾ വിലക്കയറ്റം കൂടുതലാണെന്നും, ഇപ്പുറത്തിരിക്കുമ്പോൾ വിലക്കയറ്റം ഇല്ല എന്നും ഉള്ള സമീപനം ശരിയല്ല. വളരെ പ്രധാനപ്പെട്ട ചില യാഥാർത്ഥ്യങ്ങൾ നാം കാണേണ്ടതായിട്ടുണ്ട്. ഇൻഡ്യ ലോകത്തിന്റെ ഭാഗമാണ്; കേരളം ഇൻഡ്യയുടെ ഭാഗമാണ്. ലോകത്തെമ്പാടും വിലക്കയറ്റം ഉണ്ടായിട്ടുണ്ട് എന്നുള്ള വസ്തുത നിഷേധിക്കാൻ പറ്റില്ല. ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും വിലക്കയറ്റം ഉണ്ടായിട്ടുണ്ട്; കേരളത്തിലും ഉണ്ടായിട്ടുണ്ട്. വിലക്കയറ്റം ഉണ്ടാകുന്ന അവസരത്തിൽ അപ്പുറത്തിരിക്കുന്ന ആളുകൾക്കും, ഇപ്പുറത്തിരിക്കുന്ന ആളുകൾക്കും ചെയ്യാൻ കഴിയുന്നത് പൊതു വിതരണ ശൃംഖല ശക്തിപ്പെടുത്തുക എന്നുള്ളതാണ്. കേരളത്തിലെ പൊതുവിതരണ ശൃംഖല മറേതു കാലത്തേക്കാളും ശക്തമാക്കിയ കാലഘട്ടമാണിത്. റേഷൻ കടകളിൽ, അതുപോലെ മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ കൃത്യമായി എത്തിക്കുകയും, മാവേലി സ്റ്റോറുകളിൽ പരമാവധി വിലകുറച്ചു വിൽക്കുകയും ചെയ്യുന്നുണ്ട്. മാത്രമല്ല സാധനങ്ങളുടെ ഗുണനിലവാരത്തെക്കുറിച്ച് യാതൊരു പരാതിയും ഉണ്ടായിട്ടുമില്ല. അതുമാത്രമല്ല, മാവേലി സ്റ്റോറുകളിൽ സാധനങ്ങളുടെ വിലനിലവാരം, പരസ്യ വിപണിയിലെ വിലനിലവാരവുമായി തട്ടിച്ചു നോക്കുമ്പോൾ ഒരു കിലോ ഗ്രാമിന് ശരാശരി ഒരു രൂപയെങ്കിലും കുറവുമായിരിക്കും. പത്തും, പന്ത്രണ്ടും രൂപ വിലവ്യത്യാസമുള്ള സാധനങ്ങളും മാവേലി സ്റ്റോറുകളിലൂടെ വിൽക്കുന്നുണ്ട്. അതുപോലെതന്നെ സുഭിക്ഷാ സ്റ്റോറുകളും ശക്തിപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. മൂവായിരത്തിൽ ചിലപ്പോൾ സുഭിക്ഷാ സ്റ്റോറുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അത് പൂർണ്ണമായും വിജയമാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. ആ കാര്യങ്ങളിൽ വളരെ ദൂരം മുന്നോട്ടു പോകുവാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. സാധാരണയായി കാലാകാലങ്ങളിൽ സുഭിക്ഷാ സ്റ്റോറുകൾ ഓണക്കാലത്ത് കാര്യക്ഷമമായി പ്രവർത്തിക്കുകയും, അതുകഴിഞ്ഞാൽ അതിന്റെ പ്രവർത്തനം നിലയ്ക്കുകയുമാണ് ചെയ്യുന്നത്. ഈ ഗവൺമെന്റ് ഓരോ പഞ്ചായത്തിലും രണ്ടു സുഭിക്ഷാ സ്റ്റോറുകൾ വീതം സ്ഥാപിച്ചിട്ടുണ്ട്. കോർപ്പറേഷൻ മുനിസിപ്പാലിറ്റി ഏരിയായിൽ രണ്ടു വാർഡുകളിൽ ഓരോ സുഭിക്ഷാ സ്റ്റോറുകൾ വീതം പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ ഫലമായി നമ്മുടെ പരസ്യ വിപണിയിലെ വിലനിലവാരം പരമാവധി പിടിച്ചു നിർത്താനും കുറച്ചുകൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട് എന്നുള്ളതാണ് യാഥാർത്ഥ്യമാണ്. മറ്റു സംസ്ഥാനങ്ങളുടെ വിലനിലവാരവുമായി തട്ടിച്ചു നോക്കുമ്പോൾ കേരളത്തിൽ വിലനിലവാരം കുറവാണെന്ന് മനസ്സിലാക്കാൻ കഴിയും. കേരളം ഉപഭോക്തൃ സംസ്ഥാനമാണ്. ഒരു കൺസ്യൂമർ സ്റ്റേറ്റ് എന്ന നിലയ്ക്ക് കേരളത്തിന് പരിമിതികളുണ്ട്. ആ പരിമിതികൾക്കകത്തു നിന്നുകൊണ്ട് കേരളത്തിൽ പരമാവധി വില നിയന്ത്രിച്ചു കൊണ്ടുവരാൻ ഉള്ള നടപടികളുടെ ഫലമായി മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പലസാധനങ്ങൾക്കും കേരളത്തിലെ പരസ്യ വിപണിയിൽ വിലനിലവാരം കുറവാണെന്ന് വളരെ അഭിമാനത്തോടുകൂടി പറയാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, നമ്മുടെ ഭക്ഷ്യ വകുപ്പുമന്ത്രി ഈ രാജ്യത്തിലല്ല ജീവിക്കുന്നത് എന്നു തോന്നുന്നു. ഈ രാജ്യത്തിൽ ജീവിക്കുന്ന ആളാണെങ്കിൽ ഈ പറഞ്ഞതിൽ ഒറ്റ അക്ഷരം പോലും പറയാൻ പാടില്ലാത്തതാണ്. അദ്ദേഹം ലോകത്തിലേക്കു കടന്നു. അതാണല്ലോ. കോൺഗ്രസിന്റെ ഗവൺമെന്റ് വരുന്നതിനുമുൻപ് ഇവിടെ ആഗോള പ്രതിഭാസമാണെന്നാണ് പറഞ്ഞത്. ആ ആഗോള പ്രതിഭാസത്തിന്റെ സന്തതികൾ ഇപ്പോഴും ഇവിടിരുന്ന് ശബ്ദിക്കുകയാണ്. നമ്മുടെ ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ തന്നെയല്ലേ ഇതു പറയുന്നത്? അദ്ദേഹം 4-3-1996-ൽ തന്ന മറുപടിയുടെ ഭാഗമാണ് ഞാൻ വായിക്കുന്നത്.

സർ, അതിനുശേഷം കൂടിയിട്ടുള്ള വിലയുടെ കണക്കാണ് ഇത്. നിങ്ങൾതന്ന കണക്കാണ്. അരിയുടെ വില 4-10-1991-ൽ. 1996 ഫെബ്രുവരിയിൽ 7.60, ഇന്നലെ ഇവിടെയുള്ള മാർക്കറ്റിൽ 14 രൂപ. ചെറുപയർ 1991-ൽ 8·10. 1996 ഫെബ്രുവരിയിൽ 19·20 രൂപ; ഇപ്പോൾ 24 ഉറപ്പിക. ഉഴുന്നുപരിപ്പ് 9·50 ഫെബ്രുവരിയിൽ 22 രൂപ. ഇപ്പോഴത്തെ കണക്കു പ്രകാരം 30 രൂപ. കടല 1991-ൽ 11 രൂപ. ഫെബ്രുവരിയിൽ 14 രൂപ. ഇപ്പോൾ 20 രൂപ. പരിപ്പ് 8. ഫെബ്രുവരിയിൽ 13·50; ഇപ്പോഴത്തെ വില 30 രൂപ. മുളക് 18, ഫെബ്രുവരിയിൽ 43; ഇപ്പോൾ 45 രൂപ. മല്ലി 1991-ൽ 10 രൂപ. ഫെബ്രുവരിയിൽ 20·40; ഇപ്പോൾ 25 രൂപ. കടുക് 10 രൂപ, ഫെബ്രുവരിയിൽ 17 രൂപ, ഇപ്പോൾ 20 രൂപ. 1990-ന്റെ വിലയിലേയ്ക്കു വിലനിലവാരം താഴ്ത്തുമെന്നു പറഞ്ഞിട്ട് എല്ലാ വർഷവും ഘട്ടംഘട്ടമായി വില ഉയർന്ന് ഈ തരത്തിലായി. എല്ലാം ഘട്ടമായിട്ടാണ്; കാശു വാങ്ങലും ഘട്ടംഘട്ടമായിട്ടാണ്. ഇത് അങ്ങനെ തന്ന മറുപടിയാണ്. പിന്നീട് ആ മറുപടിയെ നിഷേധിച്ചുകൊണ്ട് അവിടെ സ്റ്റേറ്റാറുണ്ടാക്കി; ഓണക്കാലത്ത് ഇങ്ങനെ ചെയ്തു എന്നൊക്കെ പറയാൻ നാണം വേണ്ടേ? ഇങ്ങനെ ഈ നിയമസഭയിൽ പറയുമ്പോൾ അതിനെക്കുറിച്ച് അറിയാവുന്ന ആളുകൾ ഈ സഭയ്ക്ക് പുറത്തുണ്ട് എന്നുള്ള കാര്യം അറിയില്ലേ? 27-6-1994-ൽ ശ്രീ. മുസ്തഫ മന്ത്രിയായിരുന്നപ്പോൾ തന്നിട്ടുള്ള ഒരു മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റേഷനരിയുടെ വില മൂന്നുതവണ വർദ്ധിപ്പിച്ചു. ഗോതമ്പിന്റെ വിലയും മൂന്നുതവണ വർദ്ധിപ്പിച്ചു. പഞ്ചസാരയുടെ വില അഞ്ചുതവണ വർദ്ധിപ്പിച്ചു എന്നാണ് പറയുന്നത്. മാവേലി സ്റ്റോറും മറ്റും ഫലപ്രദമായിട്ടു വരുന്നുവെന്നു പറഞ്ഞല്ലോ? അങ്ങ് 4-3-1996-ൽ തന്ന മറുപടി (സി)-യുടെ ഉത്തരത്തിൽ വിറ്റുവരവ് കുറഞ്ഞു; 24 മാവേലി സ്റ്റോറുകൾ താൽക്കാലികമായി നിർത്തൽ ചെയ്തിട്ടുണ്ട് എന്നാണ്. വിറ്റു വരവ് കുറഞ്ഞോ? മാവേലി സ്റ്റോറുകളിലും റേഷൻകടകളിലും വിറ്റുവരവ് കുറയുകയാണ് ചെയ്തത്! അതിനു കാരണം മാവേലി സ്റ്റോറിലും പുറം മാർക്കറ്റിലും റേഷൻ കടകളിലും കൊടുക്കുന്ന സാധനങ്ങളുടെ വിലയും വർദ്ധിപ്പിച്ചതിന്റെ ഫലമായി അത് പുറം മാർക്കറ്റിലെ വിലയോടൊപ്പം എത്തി എന്നതാണ്. ആ വില രണ്ടു സ്ഥലത്തും തുല്യമായപ്പോൾ റേഷൻ കടകളിൽനിന്നും മാവേലി സ്റ്റോറിൽനിന്നും ആളുകൾ സാധനങ്ങൾ വാങ്ങാതായി. ഗുണനിലവാരമുള്ള സാധനങ്ങൾ പുറം മാർക്കറ്റിൽനിന്നും കിട്ടും. ഗുണനിലവാരം കുറഞ്ഞ, സമാനമായ വിലയുള്ള സാധനം റേഷൻ കടയിലും മാവേലി സ്റ്റോറിലും കിട്ടുമെന്നു പറഞ്ഞാൽ ആളുകൾ അതു പോയി വാങ്ങില്ല. അതിന്റെ ഫലമായി വാങ്ങലുകൾ കുറയുകയാണ് ചെയ്തത്. ഇതൊക്കെ യാഥാർത്ഥ്യങ്ങളാണ്; നിങ്ങൾ തന്ന മറുപടിയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളാണ്. അതെല്ലാം മറച്ചു വച്ചുകൊണ്ട് മറുപടി പറഞ്ഞ് രക്ഷപ്പെടാമെന്നു വിചാരിക്കണ്ട. സാധാരണക്കാരന്റെ മൊത്തം ഉപഭോഗ ആവശ്യത്തിന്റെ 78 ശതമാനവും ഭക്ഷണമാണ്. ഭക്ഷണത്തിന് ആവശ്യമുള്ള. സാധനത്തിന്റെ കാര്യമാണ് ഞാൻ പറയിച്ചത്. നിങ്ങൾ തന്നിട്ടുള്ള ലിസ്റ്റിൽ ഓരോ മാസത്തിലേയും വിലയുടെ കാര്യമുണ്ട്. അതു പരിശോധിച്ചാൽ എല്ലാം മനസ്സിലാകും. ഈ പ്രോസസ് തുടരുന്നതായി മനസ്സിലാക്കാൻ സാധിക്കും. സിവിൽ സപ്ലൈസ് വഴി വില കുറച്ച് പുറം മാർക്കറ്റിലെ വിലയേക്കാൾ കുറച്ച് കൊടുക്കുന്നതിനാണ് തീരുമാനമെടുത്തത്. അതിനെ നിങ്ങൾ പൊളിക്കുകയല്ലേ ചെയ്തത്? എൽ. ഡി. എഫ്.-ന്റെ കാലത്ത് അവശ്യ സാധനങ്ങളുടെ വില ഏറ്റവും കുറഞ്ഞ സംസ്ഥാനങ്ങളിലൊന്ന് കേരളമായിരുന്നു. ഇപ്പോൾ വില കൂടിയ സംസ്ഥാനങ്ങളിൽ ഒന്നായി നിങ്ങൾ അതിനെ മാറ്റി. അതിലാണ് നിങ്ങളുടെ അഭിവൃദ്ധിയുണ്ടായിരിക്കുന്നത്. പൊതുവിതരണ ശൃംഖല ഇവിടെ ഉണ്ടായപ്പോൾ മാവേലി സ്റ്റോറുകളെ തകർക്കാൻ വാമന സ്റ്റോറുണ്ടാക്കി. അതിന്റെ സമ്മേളനം ഉദ്ഘാടനം ചെയ്തത് മുൻ മുഖ്യമന്ത്രിയായിരുന്നു. അടുത്ത കെട്ടിടത്തിൽ നിന്നും ആ പ്രസംഗം ഞാൻ കേട്ടു. നിങ്ങൾ മാവേലി സ്റ്റോറുകൾ തകർത്തു, വാമന സ്റ്റോറുകളുണ്ടാക്കി. പൊതുവിതരണ സമ്പ്രദായമാകെ തകർക്കുകയും ചെയ്തു. ചുരുങ്ങിയ വിലയ്ക്ക് സാധനങ്ങൾ കൊടുക്കുവാനുള്ളതിനുപകരം നിങ്ങൾ എന്താണ് ചെയ്തത്? ശരിക്കും കോർപ്പറേഷനിലും മറ്റും സാധനങ്ങൾ ഉള്ള സമയത്താണ് പുറം മാർക്കറ്റിൽനിന്ന് മുളകും ജീരകവും ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങിയത്. ആ സാധനങ്ങൾ വാങ്ങിയതിൽ രണ്ടു കോടിയിലധികം രൂപയുടെ നഷ്ടം വരുത്തിയെന്ന് ഇവിടെത്തന്നെ സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞു. ആ റിപ്പോർട്ടിൽ പറഞ്ഞ ഉദ്യോഗസ്ഥൻമാർക്ക് എതിരായി നടപടി എടുത്തില്ല. നടപടി എടുക്കണ്ട എന്നു തീരുമാനിച്ചത് കാബിനറ്റാണ്. ജനങ്ങൾക്ക് ചുരുങ്ങിയ വിലയ്ക്ക് സാധനങ്ങൾ കൊടുക്കാൻ ബാധ്യതപ്പെട്ട ഗവൺമെൻറ് ഈ സാധനങ്ങൾ സ്റ്റോക്കുള്ള സമയത്തുതന്നെ ഉദ്യോഗസ്ഥൻമാരുടെയും മറ്റാളുകളുടേയും ലാഭത്തിനു വേണ്ടി വലിയ വില കൊടുത്ത് സാധനം വാങ്ങി. രണ്ടുകോടിയിലധികം രൂപ ഗവൺമെൻറിന് നഷ്ടം വരുത്തി, ആ നഷ്ടം വരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഉത്തരവാദികളാണെന്നു തെളിഞ്ഞു. എന്നിട്ട് കാബിനറ്റുകൂടി ആ ഉദ്യോഗസ്ഥൻമാരെ താക്കീതു ചെയ്യാൻ തീരുമാനിച്ചു. അപ്പോൾ ഉദ്യോഗസ്ഥനിൽ ഒതുങ്ങി നിൽക്കുന്നില്ല. ഈ രണ്ടു കോടിയുടെ നഷ്ടം വരുത്തിയത്, നഷ്ടത്തിന്റെ പ്രൊസസ് ഉദ്യോഗസ്ഥരുടെ ഇടയിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല; മറ്റു പല കീശകളിലും അതുപോയി. അതുകൊണ്ടാണ് ആ കീശകളുടെ ഉടമകൾ ഒരുമിച്ചിരുന്ന് നടപടി എടുക്കേണ്ട എന്നു തീരുമാനിച്ചത്. അതുപോലെ റേഷൻകടയുടെ സ്ഥിതിയും ഇതുതന്നെയാണ്. രണ്ടാമത് 1996 മാർച്ച് 11-ന് രാജ്യസഭയിൽ പറഞ്ഞ ഒരു ഉത്തരം ഈ ഗവൺമെൻറിന് ഈ കാര്യത്തിലുള്ള നയം വ്യക്തമാക്കുന്നതാണ്. എന്തായിരുന്നു ഉത്തരവ് എന്നുവച്ചാൽ സിവിൽ സപ്ലൈസ് സഹമന്ത്രി ശ്രീ. വിനോദ് ശർമ്മയാണ് മറുപടി പറഞ്ഞത്. പൊതുവിതരണ സമ്പ്രദായത്തിന്റെ കീഴിൽ വിതരണം ചെയ്യുന്ന അരിയുടെ പ്രതിമാസ വിഹിതം വർദ്ധിപ്പിക്കുന്നതിന് കേരളത്തിൽനിന്നും നിവേദനമൊന്നും ലഭിച്ചിട്ടില്ല എന്ന്. പൊതു മാർക്കറ്റിൽ വിതരണം ചെയ്യാൻ സ്പെഷ്യലായിട്ട് തരേണ്ട അരിയുടെ കാര്യത്തിൽ കൂടുതൽ കിട്ടണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടില്ല എന്നാണ്. ഈ ചോദ്യം ചോദിച്ചതാരാണെന്ന് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വയലാർ രവി. അദ്ദേഹത്തിന്റെ ചോദ്യത്തിനുള്ള മറുപടി പത്രങ്ങളിലുണ്ടായിരുന്നു. നിങ്ങൾക്കും ഇക്കാര്യത്തിൽ യാതൊരു താല്പര്യവുമില്ല. റേഷൻ സാധനങ്ങളുടെ വിലയും നിങ്ങൾ ഉയർത്തി. റേഷൻ സാധനങ്ങളുടെ വില ഉയർത്തിയതിനെ സംബന്ധിച്ച് ശ്രീ. മുസ്തഫ 27-6-1994-ൽ തന്ന മറുപടിയിൽ പറഞ്ഞിട്ടുള്ളത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റേഷൻ അരിയുടെ വില മൂന്നുതവണ വർദ്ധിപ്പിച്ചു. ഗോതമ്പിന്റെ വില മൂന്നുതവണ വർദ്ധിപ്പിച്ചു. പഞ്ചസാരയുടെ വില 5 തവണ വർദ്ധിപ്പിച്ചു എന്നാണ്. ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ് വാദിക്കുന്നത് ഈ ലോകംതന്നെ ഉണ്ടായത് ശ്രീ. ആന്റണി ജയിച്ചതിനുശേഷമാണ് എന്ന മട്ടിലാണ്. പക്ഷേ അന്ന് സബ്സിഡി നിർത്തൽ ചെയ്തപ്പോൾ, ആദ്യം ഒരു വർഷക്കാലത്തേക്ക് സബ്സിഡി തുടരാൻ തീരുമാനിച്ചു. ഒരു വർഷക്കാലം കഴിഞ്ഞപ്പോൾ തുടരാൻ സാദ്ധ്യമല്ലെന്നു പറഞ്ഞുകൊണ്ട് വീണ്ടും അരിയുടെ വില വർദ്ധിപ്പിച്ചു. നിങ്ങൾക്ക് എത്രത്തോളം താല്പര്യം ജനങ്ങളോട് ഉണ്ടായിരുന്നുവെന്ന് ആ സംഭവം വ്യക്തമാക്കിയിട്ടുണ്ട്. വീണ്ടും ആ പ്രോസസ് ശക്തമായി തുടർന്നുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ പറയുന്നത് ജനങ്ങളുടെ ക്രയശക്തി ജനങ്ങൾ വാങ്ങാതിരിക്കുന്നതിന്റെ ഫലമായിട്ടാണ് ജനങ്ങൾക്ക് ആവശ്യമില്ലെന്നു വന്നു എന്ന മട്ടിലാണ്. ഇവിടെ പ്രഖ്യാപിച്ചിട്ടുള്ള നയപ്രഖ്യാപനത്തിന്റേയോ ബഡ്ജറ്റിന്റേയോ സന്ദർഭത്തിലൊക്കെ ഉല്പാദനം ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്നുവെന്ന മട്ടിലാണ് പറയുന്നത്. ഗോഡൗണുകളിൽ സാധനങ്ങൾ കെട്ടിക്കിടക്കുന്നുവെന്നു പറയുന്ന സമയത്ത് എന്താണ് ജനങ്ങളുടെ സ്ഥിതി? ഉപഭോഗം കുറഞ്ഞിരിക്കുകയാണ്. അരിയും മറ്റും വാങ്ങുന്ന ആളുകളുടെ എണ്ണം കുറഞ്ഞിരിക്കുകയാണ്. അത് കുറയാനുള്ള കാരണം ക്രയശക്തി ഇല്ല എന്നതുതന്നെ. ജനങ്ങളുടെ ക്രയശക്തി തകർത്തുകൊണ്ട് നിങ്ങൾ സാധനങ്ങൾ കുന്നുകൂട്ടി കയറ്റി അയയ്ക്കുകയാണ്. 50 ശതമാനം വിലകുറച്ച് ഈ സാധനങ്ങളെല്ലാം ജനങ്ങൾക്ക് നൽകണമെന്നാണ് ഞങ്ങളുടെ ആവശ്യം. അതിനു പകരം അത് കയറ്റി അയച്ച് ജനങ്ങളെ പട്ടിണിയിലേക്ക് തള്ളിവിടുന്ന നിലയിലേക്കാണ് കാര്യങ്ങൾ കൊണ്ടുപോയത്. ജനങ്ങളുടെ ക്രയശക്തി തകർത്തതിനുള്ള ഉത്തരവാദികൾ നിങ്ങൾ തന്നെയാണ്. എന്നിട്ട് ഉല്പാദനം വർദ്ധിപ്പിച്ചു, കൂടിയിരിക്കുന്നുവെന്ന് അഭിമാനിക്കുകയാണ് ചെയ്തിരിക്കുന്നത്. മൂന്നുകോടി 20 ലക്ഷം ടൺ ഭക്ഷ്യധാന്യം കെട്ടിക്കിടക്കുമ്പോൾ, ഗവൺമെന്റിന്റെ കണക്കുപ്രകാരം 1993-ൽ 510 ഗ്രാമായിരുന്ന ആളോഹരി ലഭ്യത 1994-ൽ 474 ഗ്രാമായി കുറഞ്ഞിരിക്കുകയാണ്. ഈ സമയത്താണ് അരിയുടെ വില വർദ്ധിക്കുന്നത്. ഇതുപോലെയുള്ള സാധനങ്ങളുടെ വില വർദ്ധിപ്പിച്ച് ഈ രൂപത്തിൽ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നുവെന്ന് അവകാശപ്പെടുന്നത് ശരിയായ നടപടിയല്ല. എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് പ്രത്യേകിച്ച് അവശ്യസാധനങ്ങളുടെ വില കുറയ്ക്കുകയാണ് ചെയ്തിട്ടുള്ളതെന്നല്ലേ കണക്കുകൾ കാണിച്ചത്? എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് വില കുറഞ്ഞു. സാധാരണക്കാരായിട്ടുള്ള ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുക എന്നതായിരുന്നു ആ ഗവൺമെന്റിന്റെ ലക്ഷ്യമെങ്കിൽ നിങ്ങളുടെ ലക്ഷ്യം അതല്ല, വാചകമടിച്ച് ജനങ്ങളെ പററിക്കുന്ന പണി ഇനിയെങ്കിലും നിങ്ങൾ നിർത്തലാക്കണം. നിങ്ങളിപ്പോൾ ചെയ്യാൻ പോകുന്ന കാര്യങ്ങളെപ്പറ്റിയാണല്ലോ വാചാലമായി സംസാരിക്കുന്നത്. നാളികേരത്തിന്റെ കാര്യം ചോദിച്ചപ്പോൾ നാളികേരത്തിന് വിലയില്ല. പിന്നെ സുലഭമായി ആളുകളെ രക്ഷിക്കാൻവേണ്ടി കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന പല ഏർപ്പാടുകളുംകൊണ്ട് ജനങ്ങളെ സമീപിക്കാം എന്ന് വിചാരിക്കുന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട ആൻറണി അത് ഈ രാജ്യത്ത് നടപ്പില്ല, ഇത് കേരളമാണ് എന്നുള്ള കാര്യം ശക്തിയായി - ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. വിലനിലവാരം കുറയ്ക്കുന്നതിനു വേണ്ടി ഏതെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ? മന്ത്രിയുടെ മറുപടി കേട്ടാൽ തരക്കേടില്ല. അതുകൊണ്ട് ഈ വിഷയം സഭ നിറുത്തി വച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. ഗവൺമെൻറിന് കാര്യങ്ങൾ ചെയ്യുന്നതിന് ഒരുപാട് പരിമിതികളുണ്ട്. ആ പരിമിതികൾക്കകത്ത് നിന്ന് ഏറ്റവും ഫലപ്രദമായി ചെയ്യാൻ കഴിയുക, പൊതുവിതരണ ശൃംഖല കെട്ടിപ്പടുക്കുക എന്നതാണ്. അത് കെട്ടിപ്പടുക്കുന്നതിൻെറ ഭാഗമായി വളരെയേറെ ദൂരം മുന്നോട്ടുപോകാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ട്. ഇതു പൊതുവേ കേരളത്തിലെ റേഷൻ കടകളെ സംബന്ധിച്ച് അഭിമാനത്തോടുകൂടി പറയാൻ കഴിയും, കുറച്ചു മാസങ്ങളായി റേഷൻ കടകളിൽ വിൽക്കുന്ന അരിയുടെ ഉയർന്ന ഗുണനിലവാരത്തെക്കുറിച്ച്, ഗോതമ്പിൻെറ ഗുണനിലവാരത്തെക്കുറിച്ച്, അതുപോലെ പൊതുവിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുകയാണ്. പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുന്ന കാര്യത്തിൽ ഗവൺമെൻറ് വളരെ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. റേഷൻ കടകളിൽ വിൽക്കുന്ന അരിയുടെ ഗുണനിലവാരം വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ടെന്ന് അഭിമാനത്തോടുകൂടിതന്നെ പറയാൻ കഴിയും. റേഷൻ കടയിൽ വിൽക്കുന്ന ഗോതമ്പിൻെറ ഗുണനിലവാരത്തെക്കുറിച്ച് പരാതിയില്ല. പഞ്ചസാര അല്പം ചില മാസങ്ങളൊഴിച്ചാൽ എല്ലാ മാസവും 15-ാം തീയതിയ്ക്കകം കൊടുക്കാനുള്ള നടപടികൾ ആയിക്കഴിഞ്ഞു. കഴിഞ്ഞ കുറെ മാസങ്ങളായി അത് തുടർന്ന് വരുന്നു. റേഷൻ ഗോതമ്പിൻെറ കാട്ട കൂട്ടാൻ കഴിഞ്ഞു. 30,000 മെട്രിക് ടൺ ആയിരുന്ന ഗോതമ്പിൻെറ കാട്ട 50,000 മെട്രിക് ടണ്ണായി കൂട്ടി. പഞ്ചസാരയ്ക്ക് ഒരുകാലവും ഇല്ലാത്ത വിധത്തിൽ കേന്ദ്ര ഗവൺമെൻറ് ആനുകൂല്യം നൽകി. അരിയുടെ കാട്ടയും വർദ്ധിപ്പിച്ച തോതിൽ വാങ്ങിയെടുക്കാൻ കഴിഞ്ഞു. ഒരു കാലത്തും കേന്ദ്രഗവൺമെൻറ് പഞ്ചസാരയ്ക്ക് സ്പെഷ്യൽ കാട്ട റംസാൻ പ്രമാണിച്ച് അനുവദിച്ചിട്ടില്ല. ഇത്തവണ 1800 മെട്രിക് ടൺ പഞ്ചസാര കൂടുതൽ അനുവദിച്ചു. മണ്ണെണ്ണയുടെ വിഹിതം ആദ്യം 542 കിലോലിറ്റർ കൂട്ടി; പിന്നീട് 1835 കിലോ ലിറ്റർ കൂട്ടി. ഇപ്പോൾ മൂവായിരം കിലോലിറ്റർ കൂട്ടിയിട്ടുണ്ട്. കേരളത്തിൻെറ ചരിത്രത്തിൽ മണ്ണെണ്ണയുടെ കാട്ട ഇത്രയധികം കൂട്ടിയ ഒരു കാലഘട്ടം ഉണ്ടായിട്ടില്ല. റേഷൻകടകൾ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവച്ചു; ഗുണനിലവാരമുള്ള സാധനങ്ങൾ വിതരണം ചെയ്തു. റേഷൻ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ നമുക്ക് അവകാശമില്ല. സെൻട്രൽ ഇഷ്യൂ പ്രൈസിന് അനുസരിച്ച് റേഷൻ സാധനങ്ങളുടെ വില കൂടും.

ശ്രീ. ബേബിജോൺ: റേഷൻ അരിയുടെ ഉപയോഗം എത്രത്തോളം വർദ്ധിച്ചു? കുറഞ്ഞോ, കൂടിയോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഒരു ലക്ഷത്തി അമ്പതിനായിരം മെട്രിക് ടൺ റേഷനരിയാണ് നമുക്കു കിട്ടുന്നത്. ശരാശരി 90,000 മെട്രിക് ടണ്ണാണ് ഇപ്പോൾ ചെലവാകുന്നത്. സൂപ്പർ ഫൈൻ

LIBRARY ARCHIVES Kerala Legislative Assembly

അരിക്ക് 6 രൂ. 87 പൈസയാണ് വില. അരിയുടെ ഗുണനിലവാരത്തെ കുറിച്ച് അടുത്തകാലത്ത് പരാതി ഒന്നുമില്ല; പ്രതിപക്ഷത്തിരിക്കുന്ന നേതാക്കൻമാർപോലും അത് സമ്മതിക്കും. പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തി. മാവേലിസ്റ്റോറുകളും സുഭിക്ഷാ സ്റ്റോറുകളും ശക്തിപ്പെടുത്തി. മാവേലിസ്റ്റോറുകളിലെ സാധനങ്ങളുടെ ഗുണനിലവാരത്തെക്കുറിച്ച് യാതൊരു പരാതിയുമില്ല. ഒരു കാര്യം നാം മനസ്സിലാക്കണം. ലോകത്തിന്റെ ഭാഗമാണ് ഇൻഡ്യ, ഇൻഡ്യയുടെ ഭാഗമാണ് കേരളം. ലോകത്ത് പല രാഷ്ട്രങ്ങളിലും വിലക്കയറ്റമുണ്ടായിട്ടുണ്ട്; ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും വിലക്കയറ്റമുണ്ട്. ഒരു കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിൽ വിലക്കയറ്റമുണ്ടാകുക സ്വാഭാവികമാണ്. അങ്ങനെ സ്വാഭാവികമായി വിലക്കയറ്റമുണ്ടാകുമ്പോഴും ഗവൺമെന്റിന് ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നുള്ളതാണ് പ്രശ്നം. ഫലപ്രദമായി പ്രവർത്തിക്കാൻ കഴിഞ്ഞു എന്നാണ് ഞാൻ ഇവിടെ പറഞ്ഞ കാര്യങ്ങളിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നത്. പൊതുവിതരണ ശൃംഖല ശക്തമാക്കിയതുവഴി വില കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. മറ്റ് പല സംസ്ഥാനങ്ങളിലേയും വിലനിലവാരം പറയാം. മുളകിന് കേരളത്തിൽ പരസ്യ വിപണിയിൽ 76 രൂപയാണ്. പശ്ചിമ ബംഗാളിൽ 95 രൂപയാണ്. മല്ലിക്ക് കേരളത്തിൽ 30 രൂപ മുതൽ 33 രൂപവരെയായിരുന്നപ്പോഴും പശ്ചിമ ബംഗാളിൽ 45 രൂപയായിരുന്നു. പഞ്ചസാരയ്ക്ക് 12 രൂപ 60 പൈസയാണ് കേരളത്തിൽ. പശ്ചിമ ബംഗാളിൽ 14 രൂപ 50 പൈസ. അരിക്ക് കേരളത്തിൽ 9 രൂപ 20 പൈസ. പശ്ചിമ ബംഗാളിൽ 8 രൂപ 90 പൈസ. അരിക്ക് മാത്രമാണ് കേരളത്തിൽ അൽപ്പം വില കൂടുതലുള്ളത്. ഇതെല്ലാം സത്യസന്ധമായിട്ടുള്ള കണക്കുകളാണ്. പശ്ചിമ ബംഗാളിനെ അപേക്ഷിച്ച് എല്ലാ സാധനങ്ങൾക്കും കേരളത്തിൽ വിലക്കുറവാണ്. ഓരോ സാധനങ്ങളുടേയും വിലനിലവാരം എടുത്തു നോക്കിയാൽ ഒരു കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വില കുറവാണ് എന്നു കാണാം. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉപഭോക്താക്കളുടെ സ്വർഗ്ഗമാണ് കേരളം; ഒരു പറുദീസയാണ് കേരളം. ഇക്കാര്യത്തിൽ യാതൊരു സംശയവുമില്ല .....(ബഹളം) ആധികാരികമായ കണക്കുകളാണ് ഞാൻ ഇവിടെ ഉദ്ധരിച്ചത്. .....(ബഹളം).....

പ്രൊ. ടി. ശിവദാസമേനോൻ: രാമചന്ദ്രൻ മാസ്റ്റർ പറഞ്ഞത് കേരളം സ്വർഗ്ഗമാണെന്നാണ്. ഇതാണ് സ്വർഗ്ഗമെങ്കിൽ നരകമാണ് നല്ലത്.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ: ഞാൻ ഔദ്യോഗികമായ കണക്കുകൾ വച്ചാണ് സംസാരിക്കുന്നത്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ സാധനങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വില കുറവാണ്. നമ്മുടെ പരിമിതികൾക്കകത്ത് നിന്നുകൊണ്ട് പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തിയതിന്റെ ഫലമായി വില കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞു; പല സാധനങ്ങൾക്കും വില പിടിച്ചുനിറുത്താൻ കഴിഞ്ഞു. മറ്റ് പല സംസ്ഥാനങ്ങളേയും അപേക്ഷിച്ച് കുറഞ്ഞ വിലയാണ് കേരളത്തിലുള്ളത്. അരിയുടെ കാര്യത്തിൽ മാത്രം പശ്ചിമബംഗാളിനെക്കാൾ അൽപ്പം വില കൂടുതലാണ്. ബാക്കി ഒട്ടുമിക്കവാറും സാധനങ്ങൾക്ക് കേരളത്തിൽ വില കുറവാണ്. ഉരുളക്കിഴങ്ങിന് കേരളത്തിൽ 10 രൂപ മുതൽ 12 രൂപവരെ വില

LIBRARY ARCHIVES Kerala Legislative Assembly

യുള്ളപ്പോൾ പശ്ചിമ ബംഗാളിൽ 20 രൂപ മുതൽ 25 രൂപവരെയാണ് വില. പഞ്ചാബിൽ 18 രൂപയാണ്. ഉള്ളിക്ക് കേരളത്തിൽ 8 രൂപ മുതൽ 16 രൂപ വരെ വിലയുള്ളപ്പോൾ പശ്ചിമ ബംഗാളിൽ 12 രൂപയാണ് വില.

ശ്രീ. എ. പത്മകുമാർ: അങ്ങയുടെ വീട്ടിൽ സാധനം വാങ്ങുന്നത് എവിടെ നിന്നാണ്?.....

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ: എന്റെ വീട്ടിൽ സാധനം വാങ്ങുന്ന വിലനിലവാരം വച്ചാണ് പറയുന്നത്. അഖിലേന്ത്യാ തലത്തിലുള്ള കണക്കുകൾ വച്ചാണ് ഞാൻ സംസാരിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പല സാധനങ്ങൾക്കും കേരളത്തിൽ വില കുറവാണ്. പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തിയതിന്റെ ഫലമായി കേരളത്തിൽ വിലനിലവാരം പരമാവധി കുറച്ചുകൊണ്ടുവരാനും പിടിച്ചുനിറുത്താനും കഴിഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ സഭ നിർത്തിവച്ചു ചർച്ച ചെയ്യേണ്ട ഗുരുതരമായ സ്ഥിതിവിശേഷം നിലവിലില്ലെന്ന് കാണുന്നതിനാൽ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, മുഖ്യപ്രധാനമായ ഈ അടിയന്തിരപ്രമേയം സഭ നിർത്തിവച്ചു ചർച്ച ചെയ്യണമെന്ന ആവശ്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ അംഗീകരിക്കാതിരുന്നതു വളരെ ഖേദകരമായിപ്പോയി. നമ്മുടെ സംസ്ഥാനത്തെ സ്വർഗ്ഗമാക്കി മാറ്റിയിരിക്കുകയാണ്. കഴിഞ്ഞ മേയ്–ജൂൺ മാസങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. രാമചന്ദ്രൻ മാസ്റ്ററുടെയും ശ്രീ. എ. കെ. ആൻറണിയുടെയും ശ്രീ. കരുണാകരന്റെയും നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഗവൺമെൻറ് ജനസമക്ഷം സമർപ്പിച്ച മാനിഫെസ്റ്റോയിൽ അവകാശപ്പെട്ടിരുന്നത് നിത്യോപയോഗ സാധനങ്ങളുടെ വില 1990-ലെ നിലവാരത്തിലേക്ക് കുറച്ചുകൊണ്ടുവരുമെന്നാണ്. എൽ. ഡി. എഫ്. ഭരിച്ചുകൊണ്ടിരുന്ന കാലത്ത് ഒരു കിലോ അരിക്ക് റേഷൻകടയിൽ 2 രൂപ 59 പൈസ ആയിരുന്നു. ആ അവസരത്തിലാണ് 'എന്തൊരു വിലക്കയറ്റം; നിങ്ങൾ എങ്ങനെ സഹിക്കുന്നു നാട്ടുകാരേ' എന്നു ചോദിച്ചത്. വിലക്കയറ്റത്തെ നിങ്ങൾ ഇങ്ങനെ സഹിക്കരുത്, ക്ലേശിക്കരുത്, ഈ ഗവൺമെൻറിനെ മാറ്റി ഞങ്ങളെ അധികാരത്തിൽ കൊണ്ടുവന്നാൽ 100 ദിവസത്തിനകം നിത്യോപയോഗ സാധനങ്ങളുടെ വില കുറയ്ക്കുമെന്നായിരുന്നു അങ്ങയെ കൂടാതെയുള്ള യു. ഡി. എഫ്.-കാർ പ്രചരിപ്പിച്ചിരുന്നത്. ഇന്ന് വില നിലവാരത്തെപ്പറ്റിക്കേൾക്കുമ്പോൾതന്നെ മുൻ ഭക്ഷ്യവകുപ്പുമന്ത്രിക്കും, ശ്രീ. രാമചന്ദ്രൻ മാസ്റ്റർക്കുമെല്ലാം അലർജിയാണ്. വില കുറയ്ക്കണമെന്നു പറയുന്നത് അവർക്കു സഹിക്കാൻ കഴിയുന്നില്ല. കാരണം അവർ പറഞ്ഞത് അവരുടെതന്നെ നെഞ്ചിനും, മൂക്കിനും കാതിനും നേരെ തിരിഞ്ഞു കുത്തുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വില അനുദിനം കൂടുകയാണ്. അരിക്ക് രണ്ടു രൂപ. അൻപത്തിയൊൻപതു പൈസയുടെ സ്ഥാനത്ത് ഇന്ന് റേഷൻകടയിൽ ഏഴു രൂപവരെയായി വില വർദ്ധിച്ചിരിക്കുന്നു. അതിനുശേഷം ഇപ്പോൾ പരസ്യവിപണിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒൻപതായി എന്നും അദ്ദേഹം പറഞ്ഞു. അരിയുടെ വില പരസ്യ വിപണിയിൽ 9 രൂപയും, റേഷൻ കടയിൽ 7 രൂപയുമായിത്തീർന്നി രിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ): പവർകട്ട് മൂലം പ്രൊഡക്ഷൻ കുറഞ്ഞതു കൊണ്ടാണ് ഈ അടുത്ത കാലത്തായിട്ട് പരസ്യവിപണിയിൽ കൂടിയത്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: നമ്മുടെ പൊതുവിതരണ സമ്പ്രദായത്തിന്റെ മെച്ചം കൊണ്ട് പരസ്യവിപണിയിൽ വില കുറയു കയല്ല, കൂടുകയാണ്. അത് അങ്ങ് അംഗീകരിച്ചതിൽ സന്തോഷമുണ്ട്. നിങ്ങളുടെ വാഗ്ദാനം നിങ്ങൾക്കു നിറവേറ്റാൻ കഴിഞ്ഞിട്ടില്ല. നിത്യോപയോഗ സാധനങ്ങളുടെ വില കയറുന്നതോടൊപ്പം, മറ്റ് അവശ്യ സാധനങ്ങളുടെയും വില കയറുകയാണ്. തുണി, മരുന്ന്, യാത്രാ ചാർജ്ജ് തുടങ്ങി തൊട്ടതിനൊക്കെ വില കൂടുകയാണ്. നിങ്ങളുടെ ഭരണ നയത്തിന്റെ വാഗ്ദാനം അനുസരിച്ച ള്ള ഉറപ്പ് നടപ്പിലാക്കിയില്ലെങ്കിലും പോകട്ടെ, അതിന്റെ നേർപകുതിയെങ്കിലും വില കുറച്ചുകൊണ്ടുവരാൻ നിങ്ങൾക്ക് കഴിയുമോ? നാളെയും നിങ്ങൾക്ക് ജനങ്ങളെ അഭിമുഖീ കരിക്കേണ്ടതാണ്. സഭയിൽ ഞങ്ങളുടെ നേരെ കാണിക്കുന്ന അലർജി നിങ്ങളുടെ വോട്ടർമാരുടെ മുൻപിൽ കാണിച്ചാൽ നിങ്ങളുടെ വായിൽ പല്ല് കാണില്ല എന്ന് ഞാൻ ഈ അവസരത്തിൽ അറിയിക്കുകയാണ്. ജനങ്ങൾക്കു നൽകിയ വാഗ്ദാനം നിറവേറ്റിയേ പറ്റൂ. അത് ഞങ്ങൾ പറയുമ്പോൾ അസംതൃപ്തി കാണിക്കേണ്ട കാര്യമില്ല. പശ്ചിമ ബംഗാളി നെക്കാൾ ഭേദമാണ് കേരളം എന്നാണ് ഇപ്പോൾ പറയുന്ന ഉദാഹരണം. ഇതിനു മുമ്പ് സോവിയറ്റ് യൂണിയനേക്കാൾ ഭേദമാണെന്നാണ് പറഞ്ഞിരുന്നത്. നിങ്ങളുടെ ഉദാഹരണങ്ങളൊന്നും നാട്ടിൽ വിലപോകു കയില്ല. അത്യാവശ്യ നിത്യോപയോഗ സാധനങ്ങളുടെ വില കയറി കൊണ്ടിരിക്കുകയാണ്. 1970-ൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ 36 ശതമാനമായിരുന്നത് ഇപ്പോൾ 48 ശതമാനമായി ഉയർന്നിരിക്കുകയാണ്. എന്നാൽ റിലയൻസ്, ഹിന്ദുസ്ഥാൻ ലിവർ തുടങ്ങിയ കമ്പനികളുടെ പർച്ചേസിംഗ് കപ്പാസിറ്റി ഉയർന്നുകൊണ്ടിരിക്കുന്നു; സാധാരണ ക്കാരന്റെ വാങ്ങാനുള്ള കഴിവ് ഇടിയുന്നു. കേന്ദ്രത്തിൽ ഇരിക്കുന്ന ഭരണക്കാരുടെ നയത്തിന്റെ പരിണതഫലമാണിത്. നിങ്ങളും സംസ്ഥാന ഭരണക്കാരുംകൂടി നാടു മുടിപ്പിച്ചുകൊണ്ടിരിക്കുകയാണെന്ന് പറയുമ്പോൾ അസഹിഷ്ണുത കാണിച്ചിട്ട് കാര്യമില്ല. നിങ്ങളും, നിങ്ങളുടെ കേന്ദ്രനേതൃത്വവും കൂടിയാലോചിച്ച് ഇതിന് പരിഹാരം കാണുക അത്യന്താപേക്ഷിതമായിട്ടുള്ള കാര്യമാണ്. ഞങ്ങളുടെ വിനീതമായ അഭിപ്രായങ്ങളാണ് പ്രതിപക്ഷത്തുനിന്ന് ഇവിടെ പറഞ്ഞതും, ഇനിയും എന്റെ സ്നേഹിതൻമാർ പറയാൻ പോകുന്നതും. ജനങ്ങളെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ ഒരു വിഷയമായതു കൊണ്ട് സഭ നിർത്തിവച്ച് കണിശമായും ചർച്ച ചെയ്യേണ്ട കാര്യമാണെന്ന് അനുസ്മരിപ്പിക്കുകയാണ്. അത് സമ്മതിക്കാത്ത ഗവൺമെന്റിന്റെ നയ സമീപനത്തിലുള്ള ഞങ്ങളുടെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി കൊണ്ട് ഞാനും എന്റെ കക്ഷിയിലെ അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. വി. എസ്. അച്യുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടി യിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്ന് ഇറങ്ങിപ്പോയി.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നു എന്നത് ആരോടും പറയേണ്ട കാര്യമില്ല; എല്ലാവർക്കും അറിയാവുന്നതാണ്. മൊത്തവില സൂചിക ഏതാണ്ട് മുന്നൂറിനോടടുത്തു നിൽക്കുകയാണ്. ചില്ലറ വിലയുടെ സൂചിക അതിലും ഉയരത്തിലെത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞു; സർക്കാർ ജീവനക്കാർക്ക് ചില സൗകര്യങ്ങൾ ചെയ്തുകൊടുത്തത് ജീവിതത്തോതിന്റെ അസാമാന്യമായ ഉയർച്ച കൊണ്ടാണെന്ന്. ഞാൻ ഇക്കാര്യം പ്രത്യേകമായിട്ടു പറയുന്നില്ല. നമ്മുടെ രാജ്യത്തിലെ മുഖ്യമായ പ്രശ്നം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവാണ്. ഞാൻ ഔഷധങ്ങൾ വാങ്ങിയാൽ സ്വാഭാവികമായിട്ടും റീ-ഇമ്പേഴ്സ്മെന്റ് കിട്ടും. സർക്കാർ ജീവനക്കാർക്കു മുണ്ട്. റീ-ഇമ്പേഴ്സുമെന്റുള്ളവർ കഷ്ടിച്ച് രക്ഷപ്പെടും; അല്ലാത്തവർ മരിക്കുകയല്ലാതെ യാതൊരു മാർഗ്ഗവുമില്ല. ജീവൻ രക്ഷാ മരുന്നുകളുടെ വില ഉയർന്നിട്ടുള്ള കഥ ഇന്നത്തെ പത്രത്തിലുമുണ്ട് രോഗം വന്ന ആൾ എങ്ങനെയാണ് മരുന്നു വാങ്ങി കഴിക്കുന്നത്? അരിയുടെ വില ശ്രീ. രാമചന്ദ്രൻ മാസ്റ്റർ ഇവിടെ പറയുകയുണ്ടായി. എവിടെ നിന്ന് കിട്ടിയ കണക്കാണെന്ന് അറിയില്ല. റേഷൻ കടയിലെ വില വർദ്ധിച്ചു. പിന്നെ നാട്ടിലെ വിലയുടെ കാര്യത്തെക്കുറിച്ച് പറഞ്ഞാൽ 12 രൂപയിൽ കൂടുതൽ കൊടുക്കാതെ അരി കിട്ടില്ല. നിത്യോപയോഗ സാധനങ്ങൾക്കെല്ലാം തീപിടിച്ച വിലയാണ്. നമ്മുടെ നാട്ടിൽ ജീവിതം ദുസ്സഹമായിരിക്കുകയാണ്. അതിനെ സംബന്ധിച്ച് ചർച്ച ചെയ്യണമെന്നാണ് പറഞ്ഞത്. പണ്ടത്തെ വാഗ്ദാനങ്ങളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ശ്രീ. മൻമോഹൻസിംഗ് പറഞ്ഞതിപ്രകാരമാണ്: അകത്തെ കാര്യം ഞങ്ങൾക്കറിയില്ലായിരുന്നു; പുറത്തുനിന്നു പറഞ്ഞു പോയതാണ്, ക്ഷമിക്കണമെന്ന്. ആരെയെങ്കിലും ഭരണത്തിൽ കയറ്റിയതിനുശേഷം അവർക്ക് തെരഞ്ഞെടുപ്പ് രംഗത്തിറങ്ങാൻ സാധിക്കുമോ? ജനങ്ങളെ ദശാബ്ദങ്ങളായി ചതിച്ച് ക്ഷീണം വന്നിട്ടുള്ള പാർട്ടി അതിന്റെ മാനിഫെസ്റ്റോയിലെ വാഗ്ദാനങ്ങൾ ലംഘിക്കുന്നതിലെന്താണർത്ഥമുള്ളത്. മനുഷ്യന് ജീവിക്കാൻ വയ്യാത്ത വിധത്തിൽ ഉയർന്നു കൊണ്ടിരിക്കുന്ന വില വർദ്ധന ചർച്ച ചെയ്യേണ്ടതു ആവശ്യമായിരുന്നു. എത്ര സന്തോഷമായിട്ടാണ് ഭക്ഷ്യവകുപ്പുമന്ത്രി ചിരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: വെസ്റ്റ് ബംഗാളിലെ ഇടതുമുന്നണിയുടെ പ്രകടന പത്രികയിൽ 50 ദിവസംകൊണ്ട് വില കുറയ്ക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: വെസ്റ്റ് ബംഗാളും, ചൈനയും, റഷ്യയുമൊന്നും എനിക്ക് പ്രശ്നമല്ല. കേരളമാണ് ഇവിടെ പ്രശ്നം. നിങ്ങൾ മാനിഫെസ്റ്റോയിൽ കൊടുത്തിട്ടുള്ള വാഗ്ദാനം, നിങ്ങളിവിടെ ചടഞ്ഞിരിക്കുന്നതിന്റെ ആവശ്യം-അതിനെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. അത് പരാമർശിക്കുമ്പോൾ ബംഗാളിന്റെ കാര്യം എന്തിനാണ് പറയുന്നത്? ബംഗാൾ തലകുത്തി മറിഞ്ഞാലും എനിക്ക് പ്രശ്നമില്ല. ഞാൻ കേരളീയനാണ്; ഈ മണ്ണിലുള്ളവനാണ്. മറ്റ് കഥകളൊന്നും പറഞ്ഞ് എന്നെ ഇരുത്താൻ നോക്കേണ്ട. വില വർദ്ധനവിന്റെ കാര്യത്തിൽ നിങ്ങൾക്ക് എന്ത് ആശ്വാസ നടപടി സ്വീകരിക്കാൻ കഴിയും? പൊതുവിതരണ ശൃംഖല എങ്ങനെ പുഷ്ടിപ്പെടുത്താൻ കഴിയും? ആ കാര്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

കുറിച്ചാണ് പറയേണ്ടത്. അത് ചർച്ച ചെയ്യാനുള്ള ഒരു വേദിയായി ഈ സഭയെ മാറ്റാൻ ഇപ്പോഴെങ്കിലും കഴിയാത്തതിലുള്ള പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. പി. എസ്. ശ്രീനിവാസനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്ന് ഇറങ്ങിപ്പോയി).

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഒൻപതാം കേരള നിയമസഭ നിലവിൽ വന്നിട്ട് 1735 ദിവസമായി. ഈ സഭ നിലവിൽ വരുന്ന ദിവസങ്ങളിൽ ഈ നാട്ടിലെ ജനങ്ങൾ നിത്യോപയോഗ സാധനങ്ങൾക്ക് നൽകിയിരുന്ന വിലയുടെ മൂന്നും നാലും ഇരട്ടി വിലയാണ് ഇപ്പോൾ കൊടുക്കേണ്ടിവരുന്നത്. ഈ കെടുതി സംബന്ധിച്ച് രണ്ട് മണിക്കൂർ ചർച്ച ചെയ്യാനുള്ള സന്മനസ്സെങ്കിലും ഗവൺമെന്റ് കാണിക്കണ്ടേ? അധികാരത്തിൽ വന്നാൽ നൂറു ദിവസംകൊണ്ട് സാധനവില കുറയ്ക്കുമെന്ന് വാഗ്ദാനം ചെയ്തവരാണിവർ. എന്തെങ്കിലും നടപടി സ്വീകരിക്കാനായോ? ബഹുമാനപ്പെട്ട രാമചന്ദ്രൻ മാസ്റ്റർ അത് സംബന്ധിച്ച് ഒരു അവകാശവാദവും ഉന്നയിച്ചില്ല; എന്നാൽ വില രണ്ടുമൂന്നിരട്ടി കൂടിയിട്ടുള്ളതായി അദ്ദേഹം സമ്മതിക്കുകയും ചെയ്തു. മഹാരോഗത്തെ പോലെയും പ്രളയത്തെപ്പോലെയും ഭൂകമ്പംപോലെയും ജനങ്ങളെ തകർക്കുകയാണ് വിലക്കയറ്റമെന്ന് ഗവൺമെന്റ് സമ്മതിക്കുന്നു. ഇതിനെ നേരിടാൻ 'ഞങ്ങൾ ഇന്നത് ചെയ്യുന്നു' എന്ന് പറയാൻ നിങ്ങൾക്ക് കഴിഞ്ഞോ? പറഞ്ഞത് ലോകത്തിന്റെ ഭാഗമാണ് ഇൻഡ്യ, ഇൻഡ്യയുടെ ഭാഗമാണ് കേരളം എന്നൊക്കെയാണ്. കഴിഞ്ഞ 5 കൊല്ലത്തെ ഭരണത്തിനിടയിൽ വില കുറയ്ക്കാനുള്ള ഒരു നടപടിയും നിങ്ങൾ സ്വീകരിച്ചില്ല. ആന്ധ്രയിലും തമിഴ്നാട്ടിലും കർണ്ണാടകയിലും രണ്ടും രണ്ടരയും രൂപയ്ക്ക് ഒരു കിലോ റേഷനരി വിൽക്കുമ്പോൾ ഇവിടെ 7 രൂപയ്ക്കാണ് വിൽക്കുന്നത്. അപ്പോൾ ആന്ധ്രയും തമിഴ്നാടുമൊന്നും ലോകത്തിന്റെ ഭാഗമല്ലേ? വിലക്കയറ്റം എന്ന പ്രതിഭാസം അവർക്ക് ബാധകമല്ലേ? ആഗോള പ്രതിഭാസത്തിന്റെ കാര്യം പറഞ്ഞ് വിലക്കയറ്റത്തെ പുച്ഛമരിച്ച് തള്ളുകയാണ് ഈ മന്ത്രി ചെയ്യുന്നത്. ജനങ്ങൾ നമ്മളെ തെരഞ്ഞെടുത്തതിന്റെ ഉത്തരവാദിത്വം നാം നിറവേറ്റണ്ടേ? ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്തതുമൂലമാണ് പൊതുവിതരണ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ട സാഹചര്യമുണ്ടായത്. എത്ര മാവേലി സ്റ്റോറുകൾ പൂട്ടിയിട്ടുണ്ടെന്നോ ശ്രീ. ബേബി ജോണിന്റെ ചോദ്യത്തിന് മന്ത്രി മറുപടി പറഞ്ഞില്ല. മാവേലി സ്റ്റോറിൽനിന്നും സാധനങ്ങൾ വാങ്ങാൻ കഴിയാത്ത വിധത്തിൽ ജനങ്ങളുടെ സാമ്പത്തികശേഷി കുറഞ്ഞതുകൊണ്ടല്ല മാവേലി സ്റ്റോറുകൾ പൂട്ടേണ്ടിവന്നത്; ഗുണനിലവാരം ഇല്ലാത്ത സാധനങ്ങൾ വിതരണം ചെയ്തതുകൊണ്ടാണ്. ഉപ്പുതൊട്ട് കർപ്പൂരം വരെ നിത്യോപയോഗസാധനങ്ങൾക്ക് വില കയറിയിരിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റ് കണ്ണടച്ച് ഇരുട്ടാക്കിയിട്ട് കാര്യമില്ല. പെട്രോളിന്റെയും ഡീസലിന്റെയും മരുന്നുകളുടേയും തുണിത്തരങ്ങളുടേയും വില ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. ഗവൺമെന്റിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഈ അവസാന നിമിഷമെങ്കിലും നിങ്ങൾക്ക് കുറ്റബോധമുണ്ടാകണം; ജനങ്ങളോട് മാപ്പ് പറയാനുള്ള മര്യാദയുണ്ടാകണം എന്നാണ്. നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ലെന്ന സത്യം ജനങ്ങളോട് തുറന്ന് പറയണം. അതിനുപകരം ലോകം അങ്ങനെയാണ്, ഇങ്ങനെയാണ് എന്നൊക്കെ പറഞ്ഞാൽ ജനങ്ങൾ നിങ്ങളോട്

LIBRARY ARCHIVES Kerala Legislative Assembly

പ്രതികാരം ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. ഈ പ്രധാന വിഷയം ചർച്ച ചെയ്യാൻ അവസരം നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുന്നു.

(ശ്രീ. എ. സി. ഷൺമുഖദാസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.)

ശ്രീ. ബേബി ജോൺ: സർ, സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളേയും ബാധിക്കുന്ന ഇത്രയേറെ ഗൗരവമേറിയ ഒരു പ്രശ്നം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ സമീപനം പ്രതിഷേധാർഹമാണ്. യു. ഡി. എഫ്. ഗവൺമെന്റിന്റെ പുതിയ കണ്ടുപിടിത്തമാണ് ലോകത്തിന്റെ ഭാഗമാണ് ഇൻഡ്യ, ഇൻഡ്യയുടെ ഭാഗമാണ് കേരളം എന്നും ഉള്ളത്! ഇത് പറഞ്ഞ് വിലക്കയറ്റം എല്ലായിടത്തുമുണ്ടെന്ന് സമർത്ഥിക്കാൻ ശ്രമിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ ആദ്യം ചെയ്ത ഗവർണ്ണറുടെ പ്രസംഗത്തിലെ ചില ഭാഗങ്ങളും ഞാൻ വായിക്കാം; ''കഴിഞ്ഞ രണ്ടു വർഷമായി അവശ്യസാധനങ്ങൾക്കുണ്ടായ അമ്പരപ്പിക്കുന്ന വിലക്കയറ്റം സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കി. 1990 ജൂലായ് മാസത്തിലുണ്ടായിരുന്ന വിലനിലവാരത്തിലേക്ക് വില കുറച്ചു കൊണ്ടുവരാനുള്ള എല്ലാ ശ്രമങ്ങളും എന്റെ ഗവൺമെന്റ് നടത്തുന്നതാണ്''. തെരഞ്ഞെടുപ്പ് പ്രകടന പത്രിക മാത്രമല്ല, ഗവർണ്ണർ സഭയിൽ വന്ന് നടത്തിയ പ്രഖ്യാപനവും ഗവൺമെന്റ് അവഗണിക്കുകയാണ് ചെയ്തത്. എന്നിട്ടാണ് വിലക്കയറ്റം സ്വാഭാവികമാണെന്ന പ്രചരണം നടത്തുന്നത്. തൊലിക്ക് നല്ല കട്ടിയുണ്ടെങ്കിലേ ഇത് പറയാൻ കഴിയൂ. റേഷൻ കടയിലൂടെയും മാവേലി സ്റ്റോറിലൂടെയും വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം മെച്ചമാണെന്ന അവകാശവാദം ഇവിടെ ഉന്നയിച്ചു. എന്നാൽ ഞാൻ ചോദിക്കട്ടെ, മുൻവർഷങ്ങളെ അപേക്ഷിച്ച് എത്രത്തോളം സാധനങ്ങൾ ഇപ്പോൾ വിറ്റഴിയുന്നുണ്ട്? മുൻപ് 85 ശതമാനത്തോളം സാധനങ്ങൾ വിറ്റഴിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഇപ്പോഴത് 20 ശതമാനമായി കുറഞ്ഞു. എടുക്കുന്ന സാധനങ്ങളുടെ കാളിറ്റിയും കുറഞ്ഞു. സാധനങ്ങളുടെ വില വർദ്ധിച്ചപ്പോൾ എടുക്കുന്ന സാധനങ്ങളുടെ മൊത്തം തുക കൂടിയിട്ടുണ്ടാകാം. എന്നാൽ കാളിറ്റി വളരെ കുറഞ്ഞിരിക്കുകയാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ആ കണക്കുകൾ ശരിയല്ല. 1,50,000 മെട്രിക് ടണ്ണാണ് നമ്മുടെ അലോട്ട്മെന്റ്. എന്നാൽ 90,000 മെട്രിക് ടൺ ഇപ്പോൾ ചെലവാകുന്നുണ്ട്.

ശ്രീ. ബേബി ജോൺ: ഞാൻ എന്റെ അനുഭവത്തിൽനിന്നും ചില കാര്യങ്ങൾ പറയുകയാണ്, ഇന്ന് റേഷൻ കടകൾ എടുക്കാൻ ആളുണ്ടോ? ഈ പ്രശ്നത്തെ നിങ്ങൾ ലഘുവായി കാണരുത്. ശ്രീ. ജി. കാർത്തികേയൻ മാവേലി സ്റ്റോറുകളുടെ അവസ്ഥയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അതിന്റെ പേരിൽ കേരള കൗമുദി എഡിറ്റോറിയലും എഴുതിയിട്ടുണ്ട്. അയഥാർത്ഥമായ കണക്കുകൾ പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കരുത്. പരസ്യകമ്പോളത്തിലെ വിലയുമായി വലിയ വ്യത്യാസമില്ലാത്തതാണ് മാവേലി സ്റ്റോറിലെ സാധനങ്ങളുടെ വിതരണം കുറയാൻ കാരണമെന്ന് പറഞ്ഞതും ശരിയല്ല. ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്തതുകൊണ്ടാണ് വാങ്ങാൻ ആളില്ലാതെ പോയത്. തമിഴ്നാട്, കർണ്ണാടക സ്റ്റോറുകളെ അപേക്ഷിച്ച് കേരളം സ്വർഗ്ഗമാ-

LIBRARY ARCHIVES Kerala Legislative Assembly

ആണെന്നുള്ള വാദം ഉന്നയിക്കുന്ന നിങ്ങളുടെ തൊലിക്കട്ടി അപാരം തന്നെ. ഗൗരവമേറിയ ഈ പ്രശ്നം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ബേബി ജോണും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി.)

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് രണ്ട് കാര്യങ്ങളാണ്. ഒന്ന്, ക്രയശക്തി വർദ്ധിച്ചിരിക്കുന്നു; രണ്ട്, വിതരണ ശൃംഖല നല്ലപ്പോലെ വിലക്കയറ്റത്തെ തടസ്സപ്പെടുത്തുന്നുണ്ട്. ഇത് രണ്ടും ശരിയല്ല. ഇവിടെ അവതരിപ്പിച്ചത് കഴിഞ്ഞ കൊല്ലങ്ങളിലെ വിലക്കയറ്റമല്ല; കഴിഞ്ഞ 5 മാസത്തിലെ വിലക്കയറ്റമാണ്. ഈ 5 മാസത്തിനകത്ത് എന്ത് ക്രയശക്തിയാണ് വർദ്ധിച്ചിരിക്കുന്നത്? ആരുടെ ക്രയശക്തിയാണ് വർദ്ധിച്ചിരിക്കുന്നത്? ഇനി ക്രയശക്തി വർദ്ധിക്കുന്നുണ്ടെങ്കിൽതന്നെ ആരുടെയാണ്? ശമ്പളം ലഭിക്കുന്ന ആരെങ്കിലുടേയോ? അതൊരു ചെറിയ വിഭാഗമാണ്. നമ്മുടെ കർഷകരെ സംബന്ധിച്ചിടത്തോളം, കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം, ക്രയശക്തി വർദ്ധിക്കുവാനായിട്ട് ഒന്നും നടന്നിട്ടില്ല. അവരുടെ ക്രയശക്തി വർദ്ധിക്കണമെങ്കിൽ കാർഷികോൽപ്പന്നങ്ങളുടെ വില വർദ്ധിക്കണം. ഇന്ന് അതിനെ സ്പർശിച്ച് ഇവിടെ സംസാരിക്കുകയുണ്ടായി. അതിന്റെ ഒന്നും വിലവർദ്ധനവ് ഇവിടെയുണ്ടായിട്ടില്ല. അവർക്ക് ഗുണപരമായ യാതൊരു സംവേവിധാനങ്ങളുമുണ്ടായിട്ടില്ല. അതുപോലെതന്നെ പൊതുവിതരണ ശൃംഖല ഈ കഴിഞ്ഞ കാലങ്ങളിൽ വളരെ ദുർബലമായിത്തീർന്നിരിക്കുകയാണ്, പ്രത്യേകിച്ചും മാവേലി സ്റ്റോർ. മാവേലി സ്റ്റോറുകളിൽ പലതിലും പല സാധനങ്ങളുമില്ല. അവശ്യ സാധനങ്ങളില്ല. റേഷൻ ഷാപ്പുകളെ സപ്ലിമെന്റ് ചെയ്യാനായിട്ട് മാവേലി സ്റ്റോറുകൾ തുടങ്ങി. ഇന്ന് ആ മാവേലി സ്റ്റോറുകളെ സപ്ലിമെന്റ് ചെയ്യാനായിട്ട് സാധിക്കുന്നില്ല. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിലെ വിലക്കയറ്റം രൂക്ഷമായ നിലയിലെത്തിയിരിക്കുകയാണ്. ഇത് ചർച്ച ചെയ്യേണ്ടതാണ്. ചർച്ച ചെയ്യുവാൻ അനുവദിക്കുകയില്ല എന്ന നിലപാട് ഗവൺമെന്റ് സ്വീകരിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി.)

IV. ശ്രദ്ധക്ഷണിക്കൽ

(1) ഗ്വാളിയാർ റയോൺസിൽനിന്ന് ഒഴുക്കിവിടുന്ന മാലിന്യങ്ങൾ

ശ്രീ. കെ. കെ. അബ്ദു: ഞാൻ തന്നെ മുൻകൈയെടുത്ത് ഈ സഭയിൽ അവതരിപ്പിച്ചതും പരിഹരിക്കപ്പെടാത്തതും വളരെ വേദനാജനകവുമായ ഒരു കാര്യമാണ് എനിക്കിവിടെ ഉന്നയിക്കുവാനുള്ളത്. മലബാറിൽ പരിശുദ്ധമായ ഒരു നദിയും അതിന്റെ തീരത്തുള്ള നിഷ്ക്കളങ്കരായ കുറെ ഗ്രാമവാസികളും ഒരു കുത്തക വ്യവസായത്തിന്റെ ഉന്നമനത്തിനുവേണ്ടി അനുദിനം ബലിയാടുകളായിക്കൊണ്ടിരിക്കുകയാണ്. മാവൂർ ഗ്വാളിയാർ റയോൺസിൽനിന്നും പുറത്തുവിടുന്ന വിഷപ്പുകയും ചാലിയാറിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly